# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 ഒക്ടോബർ 28, തിങ്കൾ

**നമ്പർ 182**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

**ചോദ്യങ്ങൾ:**

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്ന് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

**ചരമോപചാരം:**

മുൻമന്ത്രി ദാമോദരൻ കാളാശ്ശേരി, മുൻ കേരള ഗവർണർ ഷീലാ ദീക്ഷിത് എന്നിവരുടെ നിര്യാണം സംബന്ധിച്ച് സ്പീക്കർ റഫറൻസ് നടത്തി. പരേതരോടുള്ള ആദരസൂചകമായി അംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.

**അംഗങ്ങളുടെ സത്യപ്രതിജ്ഞ/സഗൗരവപ്രതിജ്ഞ:**

ഉപതെരഞ്ഞെടുപ്പിൽ കോന്നി നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീ. കെ. യു. ജനീഷ് കുമാർ, മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എം. സി. കമറുദ്ദീൻ, വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീ. വി. കെ. പ്രശാന്ത്, അരൂർ നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി ഷാനിമോൾ ഉസ്മാൻ, എറണാകുളം നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീ. ടി. ജെ. വിനോദ് എന്നിവർ നിയമസഭാംഗങ്ങളായി സത്യപ്രതിജ്ഞ/സഗൗരവപ്രതിജ്ഞ ചെയ്ത് അംഗത്വരജിസ്റ്ററിലും പ്രതിജ്ഞാഫാറത്തിലും ഒപ്പുവച്ചു.

**ചെയർമാൻമാരുടെ പാനൽ:**

നടപ്പുസമ്മേളനത്തിലെ ചെയർമാൻമാരുടെ പാനലിലേക്ക് താഴെപ്പറയുന്ന അംഗങ്ങളെ നാമനിർദ്ദേശം ചെയ്തു:

1. ശ്രീ. പുരുഷൻ കടലുണ്ടി
2. ശ്രീമതി ഇ. എസ്. ബിജിമോൾ
3. ശ്രീ. വി. പി. സജീന്ദ്രൻ.

<u>അടിയന്തരപ്രമേയം:</u>

വാളയാറിൽ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട പ്രായപൂർത്തിയാകാത്ത രണ്ട് പെൺകുട്ടികൾ ദുരൂഹസാഹചര്യത്തിൽ മരണമടഞ്ഞ കേസിലെ അന്വേഷണത്തിൽ ഉണ്ടായതായി പറയപ്പെടുന്ന വീഴ്ചമൂലം പ്രതികളെ വെറുതെ വിടാനിടയായ സാഹചര്യം ഉളവാക്കിയിട്ടുള്ള ഗുരുതര സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ഷാഫി പറമ്പിലും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം മുഴക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു)

<u>ശ്രദ്ധ ക്ഷണിക്കൽ:</u>

പൊതുമേഖലാസ്ഥാപനമായ ബി.പി.സി.എൽ. സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിൽനിന്ന് പിന്തിരിയുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. എസ്. ശർമ്മ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങളുടെ മറുപടി മന്ത്രിമാർ മേശപ്പുറത്ത് വച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണം | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 2 | ശ്രീ. രാജു എബ്രഹാം | ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളനിർമ്മാണം | മുഖ്യമന്ത്രി |
| 3 | ശ്രീ. കെ. എൻ. എ. ഖാദർ | സംസ്ഥാന പോലീസ് സേനയിലെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നത് | മുഖ്യമന്ത്രി |
| 4 | ശ്രീ. റോഷി അഗസ്റ്റിൻ | ഇടുക്കിയിൽ 1964-ലെ പട്ടയങ്ങളിൽ നിർമ്മാണനിയന്ത്രണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | ശ്രീ. കെ. ആൻസലൻ | അതിർത്തി പ്രദേശങ്ങളിൽ വാഹനങ്ങൾക്ക് അമിതപിഴ ഈടാക്കുന്നത് | ഗതാഗത വകുപ്പുമന്ത്രി |
| 6 | ശ്രീ. എ. എൻ. ഷംസീർ | കുട്ടികൾക്കുണ്ടാകുന്ന കാഴ്ചക്കുറവ് നേരത്തെ കണ്ടുപിടിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 7 | ശ്രീ. റ്റി. വി. രാജേഷ് | ദേശീയപാത വികസനത്തിന്റെ ഭാഗമായി നൽകുന്ന നഷ്ടപരിഹാരത്തുക | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ. സണ്ണി ജോസഫ് | ഇരിട്ടിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. എൽദോ എബ്രഹാം | ലക്ഷം വീടുകൾ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് | തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി |
| 10 | ശ്രീ. പി. സി. ജോർജ് | എരുമേലി, കോരുത്തോട്, കൂട്ടിക്കൽ, മുണ്ടക്കയം മേഖലയിലെ വന്യജീവി ആക്രമണം | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |

<u>മേശപ്പുറത്തു വച്ച കടലാസുകൾ:</u>

ചട്ടം 166(1) പ്രകാരം താഴെപ്പറയുന്ന ഓർഡിനൻസുകൾ മേശപ്പുറത്ത് വച്ചു

| ക്രമ നമ്പർ | വർഷം | നമ്പർ | ഓർഡിനൻസിന്റെ പേര് |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2019 | 25 | 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ഓർഡിനൻസ് |
| 2 | 2019 | 32 | 2019-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് |
| 3 | 2019 | 33 | ദി കേരള പ്രിവൻഷൻ ഓഫ് ഡാമേജ് ടു പ്രൈവറ്റ് പ്രോപ്പർട്ടി ആന്റ് പെയ്മെന്റ് ഓഫ് കോമ്പൻസേഷൻ ഓർഡിനൻസ്, 2019 |
| 4 | 2019 | 37 | 2019-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ആക്റ്റ് റദ്ദാക്കൽ ഓർഡിനൻസ് |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | 2019 | 36 | 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് |
| 6 | 2019 | 24 | 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ഓർഡിനൻസ് |
| 7 | 2019 | 26 | 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് |
| 8 | 2019 | 38 | 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് |
| 9 | 2019 | 31 | ദി മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2019 |
| 10 | 2019 | 28 | 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് |
| 11 | 2019 | 29 | 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് |
| 12 | 2019 | 39 | ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2019 |
| 13 | 2019 | 27 | ദി കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2019 |
| 14 | 2019 | 34 | ദി യൂണിവേഴ്സിറ്റി ലോസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2019 |
| 15 | 2019 | 35 | 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ഓർഡിനൻസ് |
| 16 | 2019 | 30 | 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസ്. |

നിയമനിർമ്മാണകാര്യം:

(1) വനവും മൃഗസംരക്ഷണവും മൃഗശാലയും വകുപ്പുമന്ത്രി ശ്രീ. കെ. രാജു 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം മന്ത്രി അവതരിപ്പിച്ചു. ഓർഡിനൻസ് നിരാകരണ പ്രമേയങ്ങളും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല. പ്രമേയം സഭ അംഗീകരിക്കുകയും ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(2) ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി XIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം മന്ത്രി അവതരിപ്പിച്ചു. ഓർഡിനൻസ് നിരാകരണ പ്രമേയങ്ങളും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല. പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2019 ഒക്ടോബർ 29-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 11.13-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

**FOURTEENTH KERALA LEGISLATIVE ASSEMBLY**

Sixteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, October 28, 2019.*

**No. 182**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three Questions in the list of Questions posted for the day were answered orally.

*Obituary Reference:*

The Speaker made reference on the demise of Damodaran Kalassery, former Minister and Sheila Dikshit, former Governor of Kerala. As a mark of respect to the deceased, the Members stood in silence for a while.

*Oath/Affirmation by the Members:*

Shri K. U. Jenish Kumar, elected from Konni Constituency, Shri M. C. Kamarudeen elected from Manjeshwar Constituency, Shri V. K. Prasanth elected from Vattiyoorkavu Constituency, Smt. Shanimol Osman elected from Aroor Constituency and Shri T. J. Vinod elected from Ernakulam Constituency made oath/affirmation as the Members of Legislative Assembly. All of them signed in the form of oath and Roll of Members.

*Panel of Chairmen:*

The following members were nominated to the Panel of Chairmen for the current session of the Assembly:

1. Shri Purushan Kadalundy
2. Smt. E. S. Bijimol
3. Shri V. P. Sajeendran.

KNPP. 1122/2019(ii).

*Adjournment Motion*:

After hearing the Chief Minister the Speaker withheld consent to the moving of an adjournment motion given notice of by Shri Shafi Parambil and three other Members regarding the serious situation that had arisen consequent on the acquittal of the accused due to the faults in the investigation of the case related to the suspicious death of two minor tribal girls in Walayar.

(In protest against the withholding of the consent for moving the motion the Members belonging to the opposition moved into the well of the House raising slogans and tried to obstruct the proceedings of the House.)

*Calling Attention:*

Shri S. Sarma called the attention of the Chief Minister to the necessity to exert pressure on the Central Government to withdraw from the move to privatise the Public sector Undertaking, B.P.C.L. The Chief Minister made a statement thereto.

*The Matters under Rule 304 :*

Reply to the following matters under Rule 304 were laid on the table by the Ministers.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണം | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 2 | ശ്രീ. രാജു എബ്രഹാം | ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളനിർമ്മാണം | മുഖ്യമന്ത്രി |
| 3 | ശ്രീ. കെ. എൻ. എ. ഖാദർ | സംസ്ഥാന പോലീസ് സേനയിലെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നത് | മുഖ്യമന്ത്രി |
| 4 | ശ്രീ. റോഷി അഗസ്റ്റിൻ | ഇടുക്കിയിൽ 1964-ലെ പട്ടയങ്ങളിൽ നിർമ്മാണനിയന്ത്രണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | ശ്രീ. കെ. ആൻസലൻ | അതിർത്തി പ്രദേശങ്ങളിൽ വാഹനങ്ങൾക്ക് അമിതപിഴ ഈടാക്കുന്നത് | ഗതാഗത വകുപ്പുമന്ത്രി |
| 6 | ശ്രീ. എ. എൻ. ഷംസീർ | കുട്ടികൾക്കുണ്ടാകുന്ന കാഴ്ചക്കുറവ് നേരത്തെ കണ്ടുപിടിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 7 | ശ്രീ. റ്റി. വി. രാജേഷ് | ദേശീയപാത വികസനത്തിന്റെ ഭാഗമായി നൽകുന്ന നഷ്ട പരിഹാരത്തുക | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ. സണ്ണി ജോസഫ് | ഇരിട്ടിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. എൽദോ എബ്രഹാം | ലക്ഷം വീടുകൾ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് | തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി |
| 10 | ശ്രീ. പി. സി. ജോർജ് | എരുമേലി, കോരുത്തോട്, കൂട്ടിക്കൽ, മുണ്ടക്കയം മേഖലയിലെ വന്യജീവി ആക്രമണം | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |

*Papers laid on the Table:*

The following Ordinances were laid on the Table as per rule 166(1):

| ക്രമ നമ്പർ | വർഷം | നമ്പർ | ഓർഡിനൻസിന്റെ പേര് |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2019 | 25 | 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ഓർഡിനൻസ് |
| 2 | 2019 | 32 | 2019-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് |
| 3 | 2019 | 33 | ദി കേരള പ്രിവൻഷൻ ഓഫ് ഡാമേജ് ടു പ്രൈവറ്റ് പ്രോപ്പർട്ടി ആന്റ് പെയ്മെന്റ് ഓഫ് കോമ്പൻസേഷൻ ഓർഡിനൻസ്, 2019 |
| 4 | 2019 | 37 | 2019-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ആക്റ്റ് റദ്ദാക്കൽ ഓർഡിനൻസ് |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | 2019 | 36 | 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് |
| 6 | 2019 | 24 | 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ഓർഡിനൻസ് |
| 7 | 2019 | 26 | 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് |
| 8 | 2019 | 38 | 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് |
| 9 | 2019 | 31 | ദി മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2019 |
| 10 | 2019 | 28 | 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് |
| 11 | 2019 | 29 | 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് |
| 12 | 2019 | 39 | ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2019 |
| 13 | 2019 | 27 | ദി കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2019 |
| 14 | 2019 | 34 | ദി യൂണിവേഴ്സിറ്റി ലോസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2019 |
| 15 | 2019 | 35 | 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ഓർഡിനൻസ് |
| 16 | 2019 | 30 | 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസ്. |

*Legislative Business:*

(I) Shri K. Raju, Minister for Forests, Animal Husbandry and Zoos introduced the Kerala Veterinary and Animal Sciences University (Amendment) Bill, 2019 and also laid on the table the statements under Rule 75(1). The Minister also moved the motion that the Bill be referred to Subject Committee I. Ordinance Disapproval Motions and amendments were not moved. Then, the motion was adopted and the Bill was referred to Subject Committee I—Agriculture Animal Husbandry and Fisheries.

(2) Smt. K. K. Shailaja Teacher, Minister for Health, Social Justice and Woman and Child Development introduced the Kerala Anganavadi workers' and Anganavadi Helpers' Welfare Fund (Amendment) Bill, 2019 and also laid on the table the statements under Rule 75(1). The Minister also moved the motion that the Bill be referred to Subject Committee XIII. Ordinance Disapproval Motions and amendments were not moved. Then, the motion was adopted and the Bill was referred to Subject Committee XIII—Social Welfare.

The House adjourned at 11.13 a.m. to meet again at 9.00 a.m. on Tuesday October 29, 2019.

S. V. UNNIKRISHNAN NAIR,
*Secretary.*